പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 203 **27-10-2026-ൽ മറുപടിയ്ക്ക്**

ടിപ്പർ ലോറി അപകടങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കല്ലട മാഹിൻ

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. കുറുക്കോളി മൊയ്തീൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. സി. പി. ജോൺ

(ഗതാഗത വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ടിപ്പർ ലോറി അപകടങ്ങൾ വർദ്ധിച്ചു വരുന്നത് ഗൗരവപൂർവ്വം പരിശോധിക്കുമോ;

മറുപടി: സംസ്ഥാനത്ത് ടിപ്പർ ലോറികൾ ഉൾപ്പെടെയുള്ള ഭാരവാഹനങ്ങൾ ഉണ്ടാക്കുന്ന റോഡപകടങ്ങളുടെ വർദ്ധനവ് വളരെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. അപകടങ്ങൾ കുറയ്ക്കുന്നതിനായി പോലീസും മോട്ടോർ വാഹന വകുപ്പും (MVD) സംയുക്തമായി കർശന പരിശോധനകളും എൻഫോഴ്സ്മെന്റ് നടപടികളും തുടർച്ചയായി സ്വീകരിച്ചു വരുന്നുണ്ട്.

(ബി) സ്കൂൾ സമയങ്ങളിൽ ഇത്തരം ഭാര വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

മറുപടി: ഉണ്ട്.

സ്കൂൾ വിദ്യാർത്ഥികളുടെയും മറ്റ് യാത്രക്കാരുടെയും സുരക്ഷ മുൻനിർത്തി സ്കൂൾ സമയങ്ങളിൽ രാവിലെ 8:00/8:30 മണി മുതൽ 10:00 മണി വരെയും വൈകുന്നേരം 3:30/4:00 മണി മുതൽ 5:00/5:30 മണി വരെയും (പ്രാദേശിക സാഹചര്യം പരിഗണിച്ച്) ടിപ്പർ ലോറികളുടെയും/ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളുടെയും ഉൾപ്പെടെയുള്ള ഭാരവാഹനങ്ങൾക്ക് സംസ്ഥാനത്തുടനീളം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ/കോളേജ് കുട്ടികളുടെ സുരക്ഷ കണക്കിലെടുത്ത് , ഓരോ സ്ഥലത്തെയും പ്രാദേശിക സാഹചര്യം പരിഗണിച്ച് , ടിപ്പർ ലോറികളുടെയും/ ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളുടെയും ഗതാഗത സമയം നിശ്ചയിക്കുന്നതിനുള്ള ചുമതല , 1988-ലെ മോട്ടോർ വാഹന നിയമം 115 ാം വകുപ്പ് പ്രകാരം , അതാത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയും, പ്രസ്തുത നിയന്ത്രണം ഒരു മാസത്തിൽ കൂടുതൽ ആവശ്യമാണെങ്കിൽ ഇതു സംബന്ധിച്ച് വിജ്ഞാപനം ഔദ്യോഗിക ഗസറ്റിൽ പ്രസദ്ധീകരിക്കേണ്ടതാണെന്നും കൂടാതെ നിയന്ത്രണം സംബന്ധിച്ച് പ്രാദേശിക തലത്തിൽ പ്രചരണവും നൽകേണ്ടതാണെന്നും നിർദ്ദേശം നൽകികൊണ്ട് 05/06/2018 തിയ്യതിയിലെ സ.ഉ. (സാധാ) നം.256/2018/ഗതാഗതം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.)

(സി) നിയന്ത്രണങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

മറുപടി: അനധികൃത പാർക്കിംഗ് തടയുന്നതിന് ആവശ്യമായ എൻഫോഴ്സ്മെൻറ് ഡ്രൈവുകൾ നടത്തിവരുന്നു. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (എൻഫോഴ്സ്മെൻറ്) ഉദ്യോഗസ്ഥർക്കും കോടതി ഉത്തരവിൻറെ പശ്ചാത്തലത്തിലും അല്ലാതെയും നടപടി എടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിയന്ത്രണങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഇനിപ്പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1. **പ്രത്യേക പരിശോധന:** സ്കൂൾ മേഖലകളിൽ സമയബന്ധിതമായി പോലീസിന്റെയും എൻഫോഴ്സ്മെന്റ് ആർ.ടി.ഒ സ്ക്വാഡുകളുടെയും പരിശോധന ശക്തമാക്കുക.
2. **കർശന ലൈസൻസ് നടപടി:** നിയന്ത്രണ സമയങ്ങളിൽ നിരോധനം ലംഘിച്ചു പായുന്ന ഡ്രൈവർമാർക്കെതിരെ മോട്ടോർ വാഹന നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും, ആവർത്തിച്ച് ലംഘനം നടത്തുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
3. **സ്പീഡ് ഗവേണർ പരിശോധന:** ടിപ്പർ വാഹനങ്ങളിലെ സ്പീഡ് ഗവേണറുകൾ വിച്ഛേദിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ പ്രത്യേക ഡ്രൈവ് നടത്തുക.

(ഡി) സ്കൂൾ കുട്ടികളുടേയും മറ്റ യാത്രക്കാരുടേയും സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി:

1. **സ്കൂൾ സോണുകളിലെ വേഗത പരിധി:** സ്കൂൾ പരിസരങ്ങളിൽ വാഹനങ്ങളുടെ പരമാവധി വേഗത മണിക്കൂറിൽ 30 കി.മീ ആയി നിജപ്പെടുത്തി ബോർഡുകൾ സ്ഥാപിക്കുകയും നിരീക്ഷണം ഉറപ്പാക്കുകയും ചെയ്യാവുന്നതാണ്.
2. **ട്രാഫിക് ഡ്യൂട്ടി:** സ്കൂളുകൾ ആരംഭിക്കുന്ന സമയത്തും അവസാനിക്കുന്ന സമയത്തും സമീപത്തെ പ്രധാന റോഡുകളിലും ക്രോസിങ്ങുകളിലും ട്രാഫിക് പോലീസിന്റെയോ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെയോ (SPC) സേവനം ഉറപ്പാക്കാവുന്നതാണ്.
3. **നോ-പാർക്കിംഗ് & നോ-വെൻഡിംഗ് സോൺ:** സ്കൂൾ ഗേറ്റുകൾക്ക് സമീപവും നടപ്പാതകളിലും തടസ്സമുണ്ടാക്കുന്ന രീതിയിലുള്ള വാഹനം പാർക്കിങ്ങും വഴിയോരക്കച്ചവടങ്ങളും ഒഴിവാക്കാവുന്നതാണ്.
4. **ബോധവൽക്കരണം:** സ്കൂൾ ബസ് ഡ്രൈവർമാർക്കും ടിപ്പർ/ഭാരവാഹന ഡ്രൈവർമാർക്കും പ്രത്യേക റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാവുന്നതാണ്.
5. **സ്റ്റോപ്പ് ലൈനുകളും സീബ്രാ ക്രോസിങ്ങും:** സ്കൂളുകൾക്ക് മുന്നിലെ റോഡുകളിൽ സീബ്രാ ലൈനുകളും വാണിങ്ങ് സൈൻ ബോർഡുകളും വ്യക്തമായി പതിപ്പിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ

I/3459398/2018

കേരള സർക്കാർ

സംഗ്രഹം

ഗതാഗത വകുപ്പ് - സംസ്ഥാനത്ത് ടിപ്പർ ലോറികളുടേയും / ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച പ്രവർത്തിക്കുന്ന വാഹനങ്ങളുടേയും ഗതാഗത സമയം നിശ്ചയിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗത(ബി) വകുപ്പ്

സ.ഉ.(സാധാ) നം.256/2018/ഗതാഗതം

തീയതി,തിരുവനന്തപുരം, 05/06/2018

പരാമർശം:- 1 17/04/2014 തിയ്യതിയിലെ സ.ഉ.(പി)നം. 13/2014/ഗതാ.

2 പത്തനംതിട്ട ജില്ലാ കളക്ടറുടെ DCPTA/6415/2017-B3 നമ്പർ കത്ത്

ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ടിപ്പർ ലോറികളുടേയും / ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച പ്രവർത്തിക്കുന്ന വാഹനങ്ങളുടേയും കേരള സംസ്ഥാനത്തെ റോഡുകളിലുടെയുള്ള ഗതാഗതം രാവിലെ 9 മണി മുതൽ 10 മണി വരെയും , വൈകുന്നേരം 4 മണി മുതൽ 5 മണി വരേയും നിരോധിച്ച കൊണ്ട് ഉത്തരവായിരുന്നു.

പരാമർശം (2) ലെ പത്തനംതിട്ട ജില്ലാ കളക്ടറുടെ കത്ത് പ്രകാരം തിരുവല്ല നഗരസഭയിൽ സ്കൂൾ/കോളേജ് സമയം രാവിലെ 9 മണി മുതൽ 3.30 മണി വരെ ആയതിനാൽ സ്കൂൾ/കോളേജ് കുട്ടികളുടെ സുരക്ഷ കണക്കിലെടുത്ത് ടിപ്പർ ലോറികളുടെ സമയനിയന്ത്രണം രാവിലെ 8.30 മണി മുതൽ 10.00 മണി വരേയും വൈകുന്നേരം 3.00 മണി മുതൽ 4.30 മണി വരേയും ആക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും സ്കൂൾ/കോളേജ് കുട്ടികളുടെ സുരക്ഷ കണക്കിലെടുത്ത്, ഓരോ സ്ഥലത്തേയും പ്രാദേശിക സാഹചര്യം പരിഗണിച്ച് , ടിപ്പർ ലോറികളുടേയും / ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച പ്രവർത്തിക്കുന്ന വാഹനങ്ങളുടേയും ഗതാഗത സമയം നിശ്ചയിക്കുന്നതിനുള്ള ചുമതല , 1988 ലെ മോട്ടോർ വാഹന നിയമം 115-ാം വകുപ്പ് പ്രകാരം , അതാത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. പ്രസ്തുത നിയന്ത്രണം ഒരു മാസത്തിൽ കൂടുതൽ ആവശ്യമാണെങ്കിൽ ഇതു സംബന്ധിച്ച വിജ്ഞാപനം ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. കൂടാതെ നിയന്ത്രണം സംബന്ധിച്ച് പ്രാദേശിക തലത്തിൽ പ്രചരണവും നൽകേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അച്ചന്കുഞ്ഞ്.എം.
അഡീഷണല് സെക്രട്ടറി

എല്ലാ ജില്ലാ കലക്ടർമാർക്കും.
ഗതാഗത കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി
copy to :- P S to M (Tr)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ